# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3680

11/11/2019-ൽ
മറുപടിയ്ക്ക്

## പി.എസ്.സി വഴി കോളേജുകളിലെ മലയാളം അധ്യാപക നിയമനം

**ചോദ്യം**

**മറുപടി**

ശ്രീ.കെ.എസ്.ശബരീനാഥൻ :

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിൽ മലയാളം അധ്യാപകരെ നിയമിക്കുന്നതിന് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ; എങ്കിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നാളിതുവരെ നിയമിച്ചുവെന്ന് അറിയിക്കുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ ; ഈ തസ്തികയിലേക്ക് എത്ര ഒഴിവുകളാണ് ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഇതേ തസ്തികയിലേക്ക് എത്രപേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 16.08.2017 - ൽ നിലവിൽ വന്ന ടി റാങ്ക് പട്ടികയിൽ നിന്നും 22 നിയമനങ്ങൾ നടന്നിട്ടുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 15.08.2020 - ന് അവസാനിക്കും. ടി തസ്തികയിലേയ്ക്ക് 39 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ മലയാളം തസ്തികയിലേയ്ക്ക് 69 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ, മലയാളം ലക്ചറർ പോസ്റ്റിൽ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഗസ്റ്റ് ലക്ചറർമാരാണ് മലയാളം വിഷയം പഠിപ്പിക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ കോളേജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഭാഷാ അധ്യാപകർക്ക് സ്ഥിരനിയമനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ഒരു കോളേജിന്റെ അക്കാദമിക് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി അനുവദിക്കപ്പെട്ട തസ്തികകൾ ഇല്ലെങ്കിൽ പോലും പ്രസ്തുത കോഴ്സ് നടത്തിപ്പിന് വേണ്ട ജോലി ഭാരം ഉണ്ടെങ്കിൽ അതിഥി അധ്യാപകരെ പ്രിൻസിപ്പാൾമാർക്ക് തന്നെ നിയമിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 6 സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 16 അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി - യ്ക്ക് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകളിലേയ്ക്ക് നിയമനം നല്കുന്നതാണ്. |
| (സി) | മലയാള ഭാഷ അധ്യാപകർക്ക് കേരളത്തിൽ മാത്രമേ കൂടുതൽ തൊഴിൽ സാധ്യതയുള്ളൂ എന്നുള്ള കാര്യം കൂടി പരിഗണിച്ച്, ആഴ്ചയിൽ 16 മണിക്കൂർ ജോലി വേണം എന്നുള്ള മാനദണ്ഡം നിലനിൽക്കെ മറ്റ് വിഷയങ്ങളിൽ ആയതിന് ഇളവ് നൽകി തസ്തിക സൃഷ്ടിച്ചതുപോലെ മലയാളം അധ്യാപകരുടെ തസ്തികയും സൃഷ്ടിച്ച് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (സി) & (ഡി) | സംസ്ഥാനത്തെ 6 സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 16 അധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം എന്ന നിലവിലെ മാനദണ്ഡം പാലിക്കാത്തവയുൾപ്പെടെ വിവിധ സർക്കാർ കോളേജുകളിലായി മലയാള വിഭാഗത്തിൽ 18 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിലവിൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | മാതൃഭാഷയായ മലയാളത്തെ ഭരണഭാഷ ആയി പ്രഖ്യാപിച്ച സർക്കാർ ആഴ്ചയിൽ 16 മണിക്കൂർ അധ്യായനം ഇല്ലെന്നുള്ള കാരണത്താൽ മലയാളം ഭാഷ അധ്യാപകർക്ക് സ്ഥിരനിയമനം നൽകാത്തത് വിവേചനമാണെന്നുള്ള കാര്യം ഗൗരവമായി കാണുമോ? | | |

സെക്ഷൻ ഓഫീസർ